**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5) കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)- തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. ശ്രീ ശ്രീകുമാർ കെ, കൊല്ലാക്കൽ വീട്, പുതുശ്ശേരി എന്നയാൾ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച അപേക്ഷ
2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)യുടെ 19/01/2024 തിയതിയിലെ തീരുമാനം

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 19/01/2024</u>**

ശ്രീ ശ്രീകുമാർ കെ, കൊല്ലാക്കൽ വീട്, പുതുശ്ശേരി എന്നയാൾ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച അപേക്ഷ, ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5) യുടെ പരിഗണനക്കായി അയച്ചു നല്കിയിരുന്നു. പുതുശ്ശേരി പഞ്ചായത്തിലെ 22ാം വാർഡിൽ പ്രവർത്തിച്ചു വരുന്ന എൻ എസ് എസ് കല്യാണമണ്ഡപവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷ പ്രകാരം ഈ കല്യാണമണ്ഡപത്തിന് പഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയിട്ടില്ല എന്ന് മറുപടി നൽകിയതായും, ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചു വരുന്നതു മൂലം പഞ്ചായത്തിനു ഈ ഇനത്തിൽ ഒരുപാട് തുക നഷ്ടപ്പെടുന്നതായും പരാതി സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ പരിശോധിച്ചു. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി. കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം കല്യാണമണ്ഡപം നടത്തിപ്പിനു പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ട ആവശ്യമില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സെക്രട്ടറിയുടെ ഈ റിപ്പോർട്ട് അംഗീകരിക്കാവുന്നതാണ്. ആയതിനാൽ ഈ പരാതി ഇപ്രകാരം തീർപ്പാക്കി ഉത്തരവാകുന്നു.

ഒപ്പ്
കെ സതീഷ് കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയംഭരണവകുപ്പ് പാലക്കാട്

പകർപ്പ്: ശ്രീ ശ്രീകുമാർ കെ, കൊല്ലാക്കൽ വീട്, പുതുശ്ശേരി